എൻ.എം1/65930/2013/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 15.12.2013.

**സർക്കുലർ**

വിഷയം - പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി - വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ആഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ കാര്യാലയത്തിൽ ഓരോ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് പുറപ്പെടുവിച്ച 5.10.2013-ലെ സർക്കുലറിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

സൂചന - പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 5.10.2013 തീയതിയിലെ എൻ.എം1/65930/2013/ഡിപിഐ. നംപർ സർക്കലർ.

സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുമായി ബന്ധപ്പെട്ട് നൂൺമീൽ സെക്ഷനിലെ ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ആഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ കാര്യാലയത്തിൽ ഓരോ ഡേറ്റാ എൻട്രി ഓപ്പറേറ്ററിനെ നിയമിക്കുന്നതിനു സൂചന സർക്കുലർ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സർക്കുലറിലെ ചില നിർദ്ദേശങ്ങൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ സർവ്വീസ് സംഘടനകളിൽ നിന്നും ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സർക്കുലറിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

1. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി നടത്തുന്നതിന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം ആവശ്യമുള്ള ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഓരോ മാസവും പത്തുദിവസത്തേക്കുമാത്രം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കാവുന്നതാണ്. ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കാത്ത ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നുള്ള ഡേറ്റാ എൻട്രിയുടെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ/സീനിയർ സൂപ്രണ്ട്/ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് എന്നിവർക്കായിരിക്കും.
2. ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കേണ്ടതില്ല.
3. വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ വരാനിരിക്കുന്ന സാഹചര്യത്തിൽ ടി കാര്യാലയത്തിൽ ഓരോമാസവും പത്തുദിവസത്തേക്കുമാത്രം ഒരു ഡേറ്റാ എൻട്രി

ഓപ്പറേറ്ററെ നിയമിക്കാവുന്നതാണ്. ഉച്ചഭക്ഷണപരിപാടി കൈകാര്യം ചെയ്യുന്ന സെക്ഷനിൽ കംപ്യൂട്ടർ പരിജ്ഞാനമുള്ള ക്ലാർക്കിനെ നിയമിക്കാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

4. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ കാര്യാലയത്തിൽ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട് ജോലി ചെയ്തുവരുന്ന ക്ലാർക്കിനെ 3 വർഷത്തിനുള്ളിൽ സെക്ഷനും 5 വർഷത്തിനുള്ളിൽ ഓഫീസും പൊതുവിദ്യാഭ്യാസഡയറക്ടറുടെ പ്രത്യേകഅനുമതി ഇല്ലാതെ മാറ്റാൻ പാടുള്ളതല്ല.

5. സ്കൂൾ ഉച്ചഭക്ഷണം സ്കോളർഷിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആഫീസർ/ക്ലാർക്ക്/ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർക്ക് ഐ.റ്റി @ സ്കൂളിന്റെ നേതൃത്വത്തിൽ ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിന് ഐ.ടി @ സ്കൂളിനെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർ

അംഗീകാരത്തോടെ

സൂപ്രണ്ട്.

പകർപ്പ് -1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ.
2. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
3. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

വി.ജി.